ചെട്ടിയാംകുന്ന് ഹരിജൻ കോളനി പ്രദേശത്ത് ഒരു പൊതുശ്മശാനം നിർമ്മിക്കുന്നതിന് നടപടി

120 (518) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ചെട്ടിയാംകുന്ന് ഹരിജൻ കോളനി പ്രദേശത്ത് ഒരു പൊതുശ്മശാനം നിർമ്മിക്കുന്നത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(ബി) ഇതിലേയ്ക്കായി സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പ്രദേശത്ത് ഒരു പൊതുശ്മശാനം പണിയുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഉദിക്കുന്നില്ല.

നഗരസഭകൾ അനുമതി നിഷേധിച്ച കേസുകൾ

121 (519) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന നഗരസഭകൾ കെട്ടിട നിർമ്മാണത്തിന് അനുമതി നിഷേധിച്ച എത്ര കേസുകൾ സർക്കാർ റദ്ദുചെയതുകൊണ്ട് നിർമ്മാണാനുമതി നൽകിയിട്ടുണ്ട് ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

മെറ്റൽക്രഷർ യൂണിറ്റ് ആരംഭിക്കാൻ നടപടി

122 (520) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നഗരസഭാപരിധിക്കുള്ളിൽ ഒരു മെറ്റൽക്രഷർ യൂണിറ്റ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(ബി) നാട്ടുകാർ ഇതിനെതിരെ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ എങ്കിൽ എന്ന് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ക്രഷർ യൂണിറ്റ് അനുവദിക്കുന്നതിന് നഗരസഭ തീരുമാനമെടുത്തിട്ടുണ്ടോ എങ്കിൽ എന്ന് ;

(ഡി) നഗരസഭയുടെ തീരുമാനത്തിനെതിരെ ക്രഷർ യൂണിറ്റ് തുടങ്ങാൻ അനുവാദം നൽകാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ഈ തീരുമാനം പുനഃപരിശോധിക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) നെടുമങ്ങാട് നഗരസഭയിലെ 19-ാം വാർഡിൽ മെറ്റൽക്രഷർ യൂണിറ്റ് ആരംഭിക്കുന്നതിനെതിരെ സർക്കാരിന് നിവേദനം കിട്ടിയിട്ടുണ്ട്. 16-5-2000-ൽ.

(സി) 14-10-1999-ലെ കൗൺസിൽ തീരുമാനപ്രകാരം ക്രഷർ യൂണിറ്റ് സ്ഥാപിക്കാൻ അനുവാദം നൽകേണ്ടതില്ലെന്നാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

(ഡി) ക്രഷർ യൂണിറ്റ് സ്ഥാപിക്കാൻ സർക്കാർ അനുവാദം നൽകിയിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

കായംകുളം നഗരസഭ മുൻസെക്രട്ടറിക്കെതിരെ നടപടി

123 (521) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം വനിതാ പോളിടെക്നിക്കിന്റെ ഉദ്ഘാടനത്തിന് എത്തിയ മുഖ്യമന്ത്രിക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാതിരിക്കുകയും ചടങ്ങിനെ അനാദരിക്കുകയും ചടങ്ങിൽ പങ്കെടുക്കാതിരിക്കുകയും ചെയ്ത അക്കാലത്തെ കായംകുളം നഗരസഭാ സെക്രട്ടറിയ്ക്കെതിരെ എത്ര പരാതികളാണ് ഇപ്പോൾ നിലവിലുള്ളത് ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) ഈ ഉദ്യോഗസ്ഥൻ ഇപ്പോൾ ഏത് ആഫീസിൽ ഏത് തസ്തികയിൽ ജോലി ചെയ്യുന്നു ;

(സി) ഇദ്ദേഹത്തിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇയാൾക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly